# രക്ഷയുടെ പാതയിൽ




# ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

Vol. 1

11

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. രക്ഷകനായ ഈശോ
2. ചരിത്രപുരുഷനായ ഈശോ
3. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
4. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ
5. ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ
6. ക്രിസ്തീയ മനസാക്ഷി
7. ജീവന്റെ മൂല്യവും മഹത്വവും
8. സ്നേഹിക്കാനും ജീവൻ നൽകാനും
9. സമ്പത്തും സാമൂഹികനീതിയും
10. അദ്ധ്വാനത്തിന്റെ മാഹാത്മ്യം
11. സാമൂഹികതിൻമകൾക്കെതിരെ ക്രിസ്തീയ പ്രതിബദ്ധത
12. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

# പാഠം- 10



## അദ്ധ്വാനത്തിന്റെ മാഹാത്മ്യം

# അദ്ധ്വാനത്തിന്റെ മാഹാത്മ്യം

1. അദ്ധ്വാനത്തിന്റെ ആവശ്യകത
2. എല്ലാ തൊഴിലും മാന്യതയുള്ളത്
3. സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരൽ
4. അധ്വാനം ദൈവാരാധന
5. അദ്ധ്വാനം നമ്മുടെ കടമ
6. തൊഴിലാളികൾക്കുള്ള വേതനം
7. തൊഴിലിന്റെ സാമൂഹികമാനം

# അദ്ധ്വാനത്തിന്റെ മാഹാത്മ്യം

പോപ്പ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ (തൊഴിലിന്റെ മാഹാത്മ്യം): തൊഴിലിലൂടെ മനുഷ്യൻ പ്രകൃതിയെ പരിവർത്തനം ചെയ്യുന്നു. അതിലുപരിയായി തൊഴിലിലൂടെ അവൻ സ്വയം വളരുകയും മാനവീകരിക്കുകയും മനുഷ്യസമൂഹത്തിന്റെ നാഗരികതയെയും സംസ്കാരത്തെയും ഉത്തരോത്തരം കെട്ടിപ്പടുക്കുകയും ചെയ്യുന്നു.

അദ്ധ്വാനത്തിന്റെ മാഹാത്മ്യം

അദ്ധ്വാനത്തിന്റെ മാഹാത്മ്യം

## അദ്ധ്വാനത്തിന്റെ ആവശ്യകത

- മനുഷ്യൻ ബുദ്ധിപരവും മാനസികവും കായിക വുമായ കഴിവുകൾ ഉപയോഗിച്ച് പ്രപഞ്ചവസ്തു ക്കളെയും ശക്ത്തികളെയും കൂടുതൽ സുന്ദരവും ഉപകാരപ്രദവുമാക്കുന്ന എല്ലാ പ്രവർത്തനങ്ങ ളെയും തൊഴിൽ എന്നു വിശേഷിപ്പിക്കാം. മനു ഷ്യന്റെ വളർച്ചയും വികാസവും സർഗാത്മക ശക്തിയുടെ പ്രകാശനവും തൊഴിലിലൂടെയാ ണെന്ന് സാധിതമാകുന്നത്.
- വേദനകൾക്കും വിഷമങ്ങൾക്കും മരുന്നായി മദ്യം സേവിക്കുന്നവരേ, മദ്യത്തേക്കാൾ ഒന്നാന്തരം മരുന്ന് അധ്വാനമാണ്.

അദ്ധ്വാനത്തിന്റെ മഹത്വം

## എല്ലാ തൊഴിലും മാന്യതയുള്ളത്

- അദ്ധ്വാനമില്ലാതെ സമൂഹത്തിന് നിലനില്‍പില്ല. വ്യതസ്തതയാർന്ന തൊഴിലുകൾ നിർവ്വഹിക്കപ്പെടുമ്പോഴാണ് സമൂഹം മുന്നോട്ടു പോകുന്നത്. എല്ലാ തൊഴിലും മാന്യതയുള്ളതാണ്. അപരനെ വഞ്ചിക്കുകയോ നഷ്ടം വരുത്തുകയോ ചെയ്യാത്ത ഏതുതൊഴിലും മാന്യമാണ്. തൂപ്പുകാരന്റെ തൊഴിലും വെള്ളക്കോളർ ജോലിയും സമൂഹത്തിന് ഒരേ സമയം ആവശ്യമാണ്. ഇരുകൂട്ടരും മാന്യരാണ്. തൊഴിൽ ചെയ്യാൻ മടിക്കുന്നവരാണ് മാന്യതയില്ലാത്തവർ.

## സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരൽ

അദ്ധ്വാനത്തിന്റെ മാഹാത്മ്യം

- സൃഷ്ടിയിലും പരിപാലനത്തിലും പ്രവർത്തന നിരതനായ ദൈവത്തെ നമുക്ക് കാണാം. ദൈവ സ്നേഹം കവിഞ്ഞൊഴുകുന്ന പ്രവർത്തി രൂപമാണല്ലോ സൃഷ്ടികർമ്മം.
- പ്രകൃതിയിലെ വസ്തുക്കളെല്ലാം മനുഷ്യന്റെ കരസ്പർശമേൽക്കുമ്പോൾ വികാസം പ്രാപിക്കുന്നു. കല്ലുകൾ കൊട്ടാരങ്ങളായും തരിശുഭൂമി വിളഭൂമിയായും മാറുന്നു.

അദ്ധ്വാനത്തിന്റെ മാഹാത്മ്യം

## അധ്വാനം ദൈവാരാധന

- അധ്വാനത്തിനു പ്രതിഫലം ലഭിക്കും.
- അധ്വാനം ദൈവാരാധനയാക്കി മാറ്റിയ വിശുദ്ധാത്മാക്കളെ നമുക്ക് ചരിത്രത്തിൽ കാണാൻ കഴിയും. സത്യസന്ധത യോടും അർപ്പണമനോഭാവത്തോടുംകൂടി തൊഴിൽ ചെയ്യുന്നവർ, ആദരപൂർവ്വം സ്വന്തം തൊഴിൽ നിർവ്വ ഹിക്കുന്നവർ, തങ്ങൾക്കുവേണ്ടി അധ്വാനിക്കുന്നവ ർക്കായി പ്രാർത്ഥിക്കുന്നവർ, ദൈവമഹത്വത്തിനായി തൊഴിലെടുക്കുന്നവർ, തൊഴിലിനെ മനുഷ്യസേവനമായി കാണുന്നവർ എന്നിവരൊക്കെ അധ്വാനത്തെ ആരാധന യാക്കിതീർക്കുന്നു.

അദ്ധ്വാനത്തിന്റെ മാഹാത്മ്യം

## അദ്ധ്വാനം നമ്മുടെ കടമ

- അധ്വാനം മനുഷ്യന്റെ കടമയാണെന്നതിൽ സംശയമില്ല. അധ്വാനിച്ചുജീവിക്കാനുള്ള ആഹ്വാനം ബൈബിളിൽ നമുക്കു കാണാം. നിയമാവർത്തനപുസ്തകത്തിൽ പറയുന്നു. ആറു ദിവസം അധ്വാനിക്കുകയും എല്ലാ ജോലികളും നിർവ്വഹിക്കുകയും ചെയ്തുകൊള്ളുക.
- മനുഷ്യൻ സ്വഭാവേന തൊഴിലാളിയാണ്: തൊഴിൽ ചെയ്തില്ലെങ്കിൽ അവൻ പൂജ്യമാണ്.
- നാമം ഓരോരുത്തരും നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കേണ്ടവരാണ്. അതിനാൽ അധ്വാനിക്കുക എന്നത് നമ്മുടെ കടമയാണ്.

അദ്ധ്വാനത്തിന്റെ മാഹാത്മ്യം

## തൊഴിലാളികൾക്കുള്ള വേതനം

- അധ്വാനത്തിനുള്ള പ്രതിഫലമാണ് വേതനമെന്ന് അറിയപ്പെടുന്നത്.
- നീതിയുക്തമായ വേതനമാണ് ഒരു സമൂഹത്തിന്റെ നീതി അളക്കുന്നതിനുള്ള സുപ്രധാന മാർഗ്ഗം
- അർഹതയില്ലാത്ത വേതനം കൈപ്പറ്റാൻ ശ്രമിക്കുന്നവരുമുണ്ട്. അധ്വാനഭാരം വഹിക്കാതെ വേതനത്തിൽ മാത്രം കണ്ണുവയ്ക്കുന്നവർ സാമ്പത്തിക അനീതിക്ക് കാരണക്കാരായി മാറുന്നു.

അദ്ധ്യാപനത്തിന്റെ മാഹാത്മ്യം

## തൊഴിലിന്റെ സാമൂഹികമാനം

- സാമൂഹികമായ പല മാനങ്ങൾ ഉൾക്കൊള്ളുന്നതാണ് തൊഴിൽ
- തൊഴിൽ മനുഷ്യ സേവനത്തിനുള്ള ഏറ്റവും നല്ല അവസരമാണ്. അതിനാൽ സഹകരണവും ഐക്യവും സേവന മനോഭാവവും വളർത്തുന്നവനാകണം തൊഴിലാളി

## അദ്ധ്വാനത്തിന്റെ മാഹാത്മ്യം

- തൊഴിലില്ലായ്മ മനുഷ്യന്റെ ജീവിതത്തെ ദുഷ്കര
മാക്കി മാറ്റുന്നുണ്ട്. അതിനാൽ കൂടുതൽ തൊഴില
വസരങ്ങൾ സൃഷ്ടിക്കാനും അവ ഉപയോഗപ്പെടു
ത്താനും നാം ശ്രമിക്കേണ്ടതുണ്ട്. തൊഴിലാളികളും
തൊഴിലുടമകളും സഹകരണമനോഭാവത്താടോ
വർത്തിക്കേണ്ടവരാണ്. ഈ ഏകതാഭാവം ലോക
ത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വഴിതെളി
ക്കും.